"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സ്ഥിരനിയമനം - പത്തിയൂർ, മയ്യനാട് ഗ്രാമ പഞ്ചായത്തുകളിലെ സാംസ്കാരിക നിലയങ്ങളിൽ ലൈബ്രേറിയന്മാരായി ജോലി ചെയ്തു വരുന്ന യഥാക്രമം ശ്രീ.ഹക്കീം ഇ.പി, ശ്രീ.ജിനു പുഷ്പൻ മുതൽ പേർ ഫയൽ ചെയ്ത WP (C) No 27168 /2022 /HC നമ്പർ കേസിൻമേലുള്ള 4.8.2023ലെ വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1136/2024/LSGD തീയതി,തിരുവനന്തപുരം, 25-06-2024

---

പരാമർശം:-

1. സ.ഉ.(എം.എസ്) നം.88/2010 LSGD, തീയതി 03.05.2010.
2. സ.ഉ.(എം.എസ്) നം.170/2010/ത.സ്വ.ഭ.വ, തീയതി 06.08.2010.
3. സ.ഉ.(എം.എസ്) നം.140/2014/ത.സ്വ.ഭ.വ, തീയതി 02.08.2014.
4. ശ്രീ.ഹക്കീം ഇ.പി, ശ്രീ. ജിനു പുഷ്പൻ മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No27168/2022 നമ്പർ കേസ്സിന്മേലുള്ള 04.08.2023 ലെ ഉത്തരവ്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.12.2023 ലെ LSGD/PD/50380/2023-DEF5 നമ്പർ കത്ത്.
6. ശ്രീ.ഹക്കീം ഇ.പി യുടെ 15.04.2024 ലെ അപേക്ഷ
7. ശ്രീ.ജിനു പുഷ്പന്റെ 15.04.2024 ലെ അപേക്ഷ

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ പത്തിയൂർ, കൊല്ലം ജില്ലയിലെ മയ്യനാട് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ സാംസ്കാരിക നിലയങ്ങളിൽ ലൈബ്രേറിയന്മാരായി ജോലി ചെയ്തു വരുന്ന യഥാക്രമം ശ്രീ.ഹക്കീം.ഇ.പി, ശ്രീ.ജിനു പുഷ്പൻ എന്നിവർ ടിയാളുകളെ പ്രസ്തുത തസ്തികയിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് ഫയൽ ചെയ്തിരുന്ന WP (C) No 27168/2022 നമ്പർ കേസിന്മേലുള്ള പരാമർശം (4) ഉത്തരവിൽ ടിയാളുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ള Exbt P5 അപേക്ഷകൾ പരിഗണിച്ച് 4 മാസത്തിനകം തീരുമാനമാകുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

2. സാംസ്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന 10 വർഷം പൂർത്തിയാക്കിയ ലൈബ്രേറിയൻമാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ.ഹക്കീം.ഇ.പി 17.05.2002 മുതൽ തുടർച്ചയായി പത്തിയൂർ ഗ്രാമപഞ്ചായത്തിലും, ശ്രീ ജിനു പുഷ്പൻ 19.11.2001 മുതൽ മയ്യനാട് ഗ്രാമപഞ്ചായത്തിലും സാംസ്കാരിക നിലയത്തിൽ ലൈബ്രേറിയന്മാരായി ജോലി ചെയ്തു വരികയാണെന്നും ടിയാളുകളെ കണ്ടിജന്റ് ജീവനക്കാരായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകിയിരുന്നുവെന്നും എന്നാൽ പരാമർശ കാലയളവിൽ 10 വർഷം പൂർത്തിയാക്കിയിട്ടില്ലെന്ന് കണ്ട് സ്ഥിരനിയമനം റദ്ദ് ചെയ്യുകയുണ്ടായെന്നും, അതിൻ പ്രകാരം സ്ഥിരനിയമന പ്രകാരം ലഭിച്ച സാമ്പത്തികാനുകൂല്യങ്ങൾ തിരിച്ചടച്ചുവെന്നും, നിലവിൽ 20 വർഷത്തിലേറെയായി ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നതിനാൽ മേൽ പരാമർശിച്ച 03.05.2010- ലെ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം അനുവദിച്ച് പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നതാണ് ഹർജി കക്ഷികളായ ശ്രീ.ഹക്കീം.ഇ.പി, ശ്രീ.ജിനു പുഷ്പൻ എന്നിവരുടെ Exbt P5 പ്രകാരമുള്ള അപേക്ഷകളിലെ ആവശ്യം.

3. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജി കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന വേളയിൽ, മേൽ Exbt P5 അപേക്ഷകൾ പ്രകാരമുള്ള വിവരങ്ങൾ ബോധിപ്പിക്കുകയും പരാമർശം ( 2 ) ഉത്തരവിൽ ടിയാളുകളെ ഒഴിവാക്കിയതിൽ 10 വർഷം പൂർത്തീകരിച്ചില്ല എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാളുകളെ ഒഴിവാക്കിയ നടപടി നിയമപരമല്ലെന്നും, ജീവിതത്തിൽ ഏറെ നാളും ചെയ്ത നിലവിലുള്ള ജോലി അല്ലാതെ മറ്റൊരു സ്ഥിര ജോലിക്കുള്ള സാധ്യതയില്ലാത്തതിനാലും വർദ്ധിച്ചുവരുന്ന കുടുംബച്ചെലവുകൾക്കനുസരിച്ച് വേതനം പര്യാപ്തമല്ലാത്തതിനാലും ഇപ്രകാരം സ്ഥിരപ്പെടുത്തുന്നതിനായി സമന്മാരായ നിരവധി അപേക്ഷകരില്ലെന്നും, സമാനമായ സാഹചര്യത്തിലുള്ളവരിൽ ചിലരെ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളതിനാൽ തങ്ങളേയും അതേ പോലെ സ്ഥിരപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

4.ശ്രീ. ഹക്കീം.ഇ.പി, 17.05.2002 മുതൽ പത്തിയൂർ ഗ്രാമപഞ്ചായത്തിലേയും ശ്രീ. ജിനു പുഷ്പൻ 19.11.2001 മുതൽ മയ്യനാട് ഗ്രാമപഞ്ചായത്തിലേയും സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയന്മാരായി ജോലി ചെയ്തു വരികയാണെന്നും ഹോണറേറിയം വ്യവസ്ഥയിൽ നിയമിതരായ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 03.05.2010 ലെ G.O(MS)

88/2010 LSGD നമ്പർ ഉത്തരവിന്റെയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ടിയാളുകളെ ഉത്തരവ് തീയതി മുതൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിരുന്നുവെന്നും എന്നാൽ മേൽ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ ജീവനക്കാരിൽ ചിലർ പതിനൊന്നിന പരിപാടിയുടെ കീഴിൽ നിയമിതരായവരല്ലെന്നും, തുടർച്ചയായ സേവനം നടത്തിയവരല്ലെന്നും കണ്ടെത്തി സ്ഥിര നിയമനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നതിൽ ശ്രീ.ഹക്കീം, ശ്രീ ജിനു പുഷ്പൻ എന്നിവരും ഉൾപ്പെട്ടിരുന്നതായും മേൽ ഹർജി കക്ഷികൾ രണ്ടുപേരും പതിനൊന്നിന പരിപാടിയിൻ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരാണെന്നും പരാമർശം(5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മറ്റ് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1988- ൽ സർക്കാർ നടപ്പിലാക്കിയ പതിനൊന്നിന പരിപാടി പ്രകാരം സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവർ എല്ലാപേരും പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായവരല്ലാത്തതിനാലും ചിലർ തുടർച്ചയായ സേവനമുള്ളവരല്ലാത്തതിനാലും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ 31.12.2000 എന്ന കട്ട് ഓഫ് തീയതി നിശ്ചയിച്ച് പ്രസ്തുത തീയതിക്കോ അതിനു മുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 299 ലൈബ്രേറിയൻ, 145 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരെ കൂടി പരാമർശം(2) പ്രകാരവും മേൽ ഉത്തരവുകൾ പ്രകാരം വിട്ടു പോയവരെയും എന്നാൽ അതിലെ എല്ലാ നിബന്ധനകളും പാലിക്കുന്നതുമായ 19 ലൈബ്രേറിയൻ, 19 നഴ്സറി ടീച്ചർ, 11 ആയ എന്നിവരെ പരാമർശം(3) പ്രകാരവും പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി 03.05.2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിരുന്നു. ശ്രീ.ഹക്കീം.ഇ.പി 17.05.2002 മുതലും ശ്രീ.ജിനു പുഷ്പൻ 19.11.2001 മുതലും ലൈബ്രേറിയൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതിനാലാണ് ടിയാളുകൾ ഉത്തരവുകളിൽ നിന്നും ഒഴിവാക്കപ്പെട്ടത്. എന്നാൽ സമാനമായ സാഹചര്യത്തിലുള്ളവരിൽ ചിലരെ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണെന്നുള്ളത് ടിയാളുകൾ ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചിരുന്നെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

6. സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 31.12.2000-നോ അതിനുമുമ്പോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിതരായ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശുമന്ദിരങ്ങളിലെ നഴ്സറി ടീച്ചർ, ആയ എന്നിവരെ 03.05.2010 തീയതി മുതൽ പാർട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ഇപ്രകാരം നടപ്പിലാക്കുന്ന ഒരു ആനുകൂല്യം ആ പ്രത്യേക കാലയളവിൽ നിശ്ചയിക്കപ്പെട്ട

വ്യവസ്ഥകൾ പാലിക്കുന്നവർക്ക് മാത്രമേ അനുവദിക്കാൻ നിർവ്വാഹമുള്ളൂ. ആയതിനു വിരുദ്ധമായി ഏതെങ്കിലും ഒരു വ്യക്തിയ്ക്കോ/വ്യക്തികൾക്കോ മാത്രമായി പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചാൽ ആയത് ഒരു കീഴ്‌വഴക്കമാകുകയും ഇപ്രകാരം നിരവധി പേർ ഇതേ ആവശ്യം ഉന്നയിക്കുന്നതിനും ആയത് സർക്കാരിനും പ്രസ്തുത തദ്ദേശ സ്ഥാപനങ്ങൾക്കും സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനും കാരണമാകും. ആയതിനാൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിർദിഷ്ട കാലയളവിൽ ജോലി ചെയ്തിരുന്നവരെ നിർദ്ദിഷ്ട തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആനുകൂല്യം മേൽ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കാത്തവർക്ക് അനുവദിക്കുവാനാകില്ല. ശ്രീ.ഹക്കീം.ഇ.പി 17.05.2002 മുതൽ തുടർച്ചയായി പത്തിയൂർ ഗ്രാമപഞ്ചായത്തിലും, ശ്രീ ജിനു പുഷ്പൻ 19.11.2001 മുതൽ മയ്യനാട് ഗ്രാമപഞ്ചായത്തിലും സാംസ്കാരിക നിലയത്തിൽ ലൈബ്രേറിയന്മാരായി ജോലി ചെയ്തു . 2001 നു ശേഷം ഓണറേറിയം വ്യവസ്ഥയിൽ നിയമനം ലഭിച്ച മേൽപ്രകാരമുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നയതീരുമാനം കൈക്കൊണ്ടിട്ടില്ല.ആയതിനാൽ ഹോണറേറിയം വ്യവസ്ഥയിലുള്ള ലൈബ്രേറിയൻ തസ്തികയിലെ നിയമനം പാർട്ട് ടൈം തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ശ്രീ ഹക്കീം. ഇ.പി, ശ്രീ. ജിനുപുഷ്പൻ എന്നിവരുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് ടിയാളുകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.27168/2022 നമ്പർ കേസ്സിൻമേൽ ഉള്ള 04.08.2023 - ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

ശ്രീ. ജിനുപുഷ്പൻ, ലൈബ്രേറിയൻ, മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം

ശ്രീ ഹക്കീം. ഇ.പി, ലൈബ്രേറിയൻ, പത്തിയൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,ആലപ്പുഴ ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പത്തിയൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് (ഐ&പിആർഡി -വെബ് & ന്യൂ മീഡിയ വകുപ്പ്)

ഓഫീസ് പകർപ്പ് (LSGD-EPA2/156/2023-LSGD)/ നമ്പർ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 26-06-2024 14:36:28